**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4967** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിൽ മലയോര ഹൈവേയിലെ അലൈൻമെന്റിൽ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ മലയോര ഹൈവേ കടന്ന് പോകുന്ന ഏതൊക്കെ സ്ഥലങ്ങളിലാണ് അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | NH-85 ൽ നിന്നും ആറാംമൈൽ - മാമലക്കണ്ടം - എളംപ്ലാശ്ശേരി - കുറത്തിക്കുടി - പെരുമ്പൻകുത്ത് - മാങ്കുളം - കല്ലാർ - ഇരുട്ടുകാനം വരെയുള്ള ഭാഗത്ത് അലൈൻമെന്റിൽ മാറ്റം വന്നിട്ടുണ്ട്. കൂടാതെ ഇരുട്ടുകാനം - എല്ലക്കൽ ഭാഗത്തുള്ള അലൈൻമെന്റിന്റെ ഇരുട്ടുകാനം ആനച്ചാൽ - ചിത്തിരപുരം പവർഹൗസ് - കുഞ്ചിത്തണ്ണി - എല്ലക്കൽ എന്ന രീതിയിലും മാറ്റം വന്നിട്ടുണ്ട് |
| (ബി) | പ്രസ്തുത ഹൈവേയിൽ ആറാംമൈൽ, എളബ്ലാശ്ശേരി, കുറത്തിക്കുടി, പെരുമ്പൻ കുത്ത് എന്നിവിടങ്ങളിൽ അലൈൻമെന്റിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | വനംവകുപ്പ്, NATPAC, KIIFB – KRFB ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ബഹു.മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 2021 ഒക്ടോബർ 5 ന് ചേർന്ന മീറ്റിംഗ് മിനിട്ട്സിന്റെ അടിസ്ഥാനത്തിലാണ് അലൈൻമെന്റിൽ മാറ്റം വരുത്തിയിരിക്കുന്നത്. |
| (സി) | പ്രസ്തുത റോഡ് നിർമ്മാണത്തിനായി മറ്റെതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ